ഭരണഭാഷ-മാതൃഭാഷ

വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്,
തൃശ്ശൂർ, Phone No.0487-2360810
Website:www.ddethrissur .org.
Email:ddedntsr@gmail.com.

ഫയൽ നമ്പർ. എച്ച് 4/2075/2019

തീയ്യതി 11.10.2019

സ്വീകർത്താവ്
ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
തൃശ്ശൂർ

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - വിവിധ പദ്ധതികൾ വിദ്യാലയങ്ങളിൽ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയിക്കേണ്ടത് സംബന്ധിച്ച്

ജില്ലയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ (ഗവ./എയ്ഡഡ്-എൽ.പി./യു.പി./എച്ച്.എസ്./എച്ച്.എസ്.എസ്./വി.എച്ച്.എസ്.ഇ)വിവിധങ്ങളായ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. മിക്ക വിദ്യാലയങ്ങളിലും ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയോ, പകുതി പൂർത്തീകരിച്ച ഘട്ടത്തിലോ ആണ്.ഏതാനും പ്രവർത്തനങ്ങൾക്ക് ബഹുമാനപ്പെട്ട ജില്ലാ കളക്ടറിൽ നിന്നും ഭരണാനുമതി ലഭിക്കുകയും, ഈ പ്രവർത്തികളുടെ ക്വട്ടേഷൻ/ടെണ്ടർ/ഇ-ടെണ്ടർ നടപടികൾ, പർച്ചേയ്സ് കമ്മിറ്റി തീരുമാനങ്ങൾ പത്ര പരസ്യം എന്നിവ യഥാവിധി പൂർത്തീയാക്കാത്ത വിദ്യാലയങ്ങളും ഉണ്ടെന്ന് മനസ്സിലാക്കുന്നു. ജില്ലയിലെ നിർവ്വഹണപ്രവർത്തനങ്ങൾ സംബന്ധിച്ച ക്രോഡീകരിച്ച റിപ്പോട്ട് ലഭ്യമല്ലതാനും. ജില്ലാ പഞ്ചായത്ത്, ജില്ലാ വികസന സമിതി, ബഹുമാനപ്പെട്ട എം.എൽ.എ-മാരുടെ അവലോകന യോഗങ്ങൾ എന്നീ യോഗങ്ങളിൽ നിർവ്വഹണം സംബന്ധിച്ച പുരോഗതി അറിയിക്കുന്നതിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.ആയതിനാൽ പ്രവർത്തനങ്ങൾ നടക്കുന്ന വിദ്യാലയങ്ങളുടെ സ്ഥാപന മേധാവിമാരുടെ (പ്രധാനാധ്യാപകർ / പ്രിൻസിപ്പാൾമാർ) ഒരു യോഗം താഴെ ചേർത്തിരിക്കുന്ന സ്ഥലത്തും തിയ്യതികളിലും വിളിച്ചു ചേർക്കുന്ന വിവരം അറിയിക്കുന്നു. പ്രധാനാധ്യാപകർ / പ്രിൻസിപ്പാൾമാർ ഇതോടൊപ്പം നൽകുന്ന പ്രഫോമ പൂരിപ്പിച്ച്( 2 പകർപ്പ് സഹിതം ) യോഗത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ പ്രധാനാധ്യാപകർ / പ്രിൻസിപ്പാൾമാർക്ക് വിവിരം നൽകേണ്ടതും, യോഗത്തിൽ ജീവനക്കാരുടെ പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതുമാണ്.

| തിയ്യതി | സ്ഥലം | സമയം | നിയോജക മണ്ഡലം |
|---|---|---|---|
| 19.10.2019 | സി.എം.എസ് എച്ച്.എസ്.എസ്. തൃശ്ശൂർ | രാവിലെ 10.30 | തൃശ്ശൂർ |
| | | | ഒല്ലൂർ |
| | | | മണലൂർ |
| 19.10.2019 | സി.എം.എസ് എച്ച്.എസ്.എസ്. തൃശ്ശൂർ | ഉച്ചയ്ക്ക് 12.00 | കുന്നംകുളം |
| | | | വടക്കാഞ്ചേരി |
| | | | നാട്ടിക |
| 19.10.2019 | സി.എം.എസ് എച്ച്.എസ്.എസ്. തൃശ്ശൂർ | ഉച്ചയ്ക്ക് 02.00 | പുതുക്കാട് |
| | | | ചേലക്കര |
| | | | ഗുരുവായൂർ |
| | | | ചാലക്കുടി |
| 19.10.2019 | സി.എം.എസ് എച്ച്.എസ്.എസ്. തൃശ്ശൂർ | വൈകീട്ട് 03.30 | കൈപ്പമംഗലം |
| | | | കൊടുങ്ങല്ലൂർ |
| | | | ഇരിഞ്ഞാലക്കുട |

പകർപ്പ് : എല്ലാ പ്രധാനാധ്യാപകർ / പ്രിൻസിപ്പാൾമാർ
( ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

വിശ്വസ്തതയോടെ

വിദ്യാഭ്യാസ ഉപഡയറക്ടർ
തൃശ്ശൂർ